LIBRARY ARCHIVES Kerala Legislative Assembly

കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ

127 (4729) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കിർത്താഡ്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) വ്യാജ ജാതി സർട്ടിഫിക്കറ്റ് സമ്പാദിച്ച് എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ തട്ടിയെടുത്ത എത്ര കേസ്സുകൾ ഇപ്പോൾ പരിശോധിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിച്ച എത്ര കേസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ആരുടെയൊക്കെ പേരിലായിരുന്നുവെന്നും ഇവർ ഏതെല്ലാം ഡിപാർട്ടുമെന്റുകളിൽ ജോലി ചെയ്യുന്നവരായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) വ്യാജ സർട്ടിഫിക്കറ്റ് സമ്പാദിച്ച് സർക്കാർ ജോലി നേടിയ എത്ര പേർ ഇപ്പോൾ സർവ്വീസിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; ഇവർ ആരെല്ലാം ; ഏതൊക്കെ തസ്തികകളിൽ ജോലി ചെയ്യുന്നവരാണെന്നും വ്യക്തമാക്കുമോ ;

(എഫ്) ഇവരുടെ പേരിൽ നടപടികൾ എന്തെങ്കിലും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കിർത്താഡ്സിലെ വിജിലൻസ് സെൽ ഇത്തരം 210 കേസുകളിൽ അന്വേഷണം നടത്തി വരുന്നു. സ്ക്രൂട്ടിനി കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിക്കപ്പെട്ട 126 കേസുകളുടെ നടപടിക്രമം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(സി) സ്ക്രൂട്ടിനി കമ്മിറ്റി ഇതേവരെ 140 റിപ്പോർട്ടുകളിന്മേൽ ആകെ 250 പേർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്ക്രൂട്ടിനി കമ്മിറ്റിയുടെ നടപടികൾക്കു വിധേയരാകുന്നവർ കോടതിയിൽ റിട്ട് ഹരജി ചെയ്ത് ഉത്തരവിനെതിരെ സ്റ്റേ സമ്പാദിക്കുന്നതാണ് കണ്ടുവരുന്നത്. കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ ഇക്കാര്യത്തിൽ കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ നല്കാൻ നിർവ്വാഹമില്ല.

(ഇ) അന്വേഷണത്തെ ബാധിക്കുമെന്നുള്ളതുകൊണ്ട് ഇക്കാര്യത്തിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(എഫ്) പരാതി ലഭിച്ച കേസുകളിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൃപ്രങ്ങോട്ടൂർ, പാട്യം, പാനൂർ, കുന്നോത്തുപറമ്പ് പഞ്ചായത്തുകളിലെ അംഗീകൃത പട്ടികജാതി കോളനികൾ

122 (4730) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, തലശ്ശേരി താലൂക്കിലെ തൃപ്രങ്ങോട്ടൂർ, പാട്യം, പാനൂർ, കുന്നോത്തുപറമ്പ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ ആകെ എത്ര അംഗീകൃത പട്ടികജാതി കോളനികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ കോളനിയിലും താമസിച്ചുവരുന്ന കുടുംബങ്ങളുടെ എണ്ണം എത്രയാണ് ;

(സി) എല്ലാ കുടുംബങ്ങളിലുമായി എത്ര ജനസംഖ്യയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഓരോ കോളനിയിലും സ്വന്തമായിട്ട് വീടുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ ലഭ്യമായിട്ടുള്ള എത്ര കോളനികൾ ഉണ്ട് ;

(എഫ്) ഈ കോളനികളിൽ ഓരോന്നിലും നിരക്ഷരരായ എത്രപേർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) ഓരോ കോളനിയിലെയും നിവാസികളിൽ പ്രൈമറി, ഹൈസ്കൂൾ, പ്ലസ്ടു, വൊക്കേഷണൽ കോഴ്സുകൾ, കോളേജ്, സാങ്കേതിക പ്രൊഫഷണൽ വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(എച്ച്) ഒരോ കോളനിയിലും സർക്കാർ, അർദ്ധസർക്കാർ, വ്യവസായ വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ, കാർഷിക തൊഴിലാളികൾ, കൂലിവേല ചെയ്യുന്നവർ എത്രവീതമാണെന്നും തൊഴിൽരഹിതർ എത്രയെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കടവത്തൂർ കോളനി അംഗീകൃത കോളനിയാണ്. മറ്റു പഞ്ചായത്തുകളിൽ അംഗീകൃത കോളനികളില്ല.

(ബി) 19 (പത്തൊമ്പത്)

(സി) 69 (അറുപത്തിയൊൻപത്)

(ഡി) 16 (പതിനാറ്)

(ഇ) 13 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. കിണർവെള്ളം ലഭ്യമാണ്. റോഡ് സൗകര്യം ഉണ്ട്.

(എഫ്) ഒന്ന്.

(ജി) പ്രൈമറി വിഭാഗം - 10

യു.പി. വിഭാഗം - 13

ഹൈസ്കൂൾ വിഭാഗം - 14

പ്ലസ്ടു വിഭാഗം - 15

ഡിഗ്രി - 7

പി.ജി. - 1

എച്ച്.ഡി.സി. - 1

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ – 2

വിദേശത്ത് ജോലിയുള്ളവർ – 2

കൂലിവേലക്കാർ – 22

തൊഴിൽ രഹിതർ – 32

പതിയൻ, കുളനാടി, കുൻറുവടിയൻ, തച്ചനാടൻ, മുപ്പൻ എന്നീ സമുദായങ്ങളുടെ ജനസംഖ്യ

123 (4731) ശ്രീ. എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ പതിയൻ, കുളനാടി, കുൻറുവടിയൻ, തച്ചനാടൻ, മുപ്പൻ എന്നീ സമുദായങ്ങളുടെ ജനസംഖ്യ എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവരെ ഇപ്പോൾ പട്ടികവർഗ്ഗത്തിലുൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) പട്ടികവർഗ്ഗത്തിലുൾപ്പെടുത്തണമെന്ന് നിവേദനം കിട്ടിയിട്ടുണ്ടോ ;

(ഡി) അതനുസരിച്ച് ഏതെല്ലാം സമുദായങ്ങളെ പട്ടികവർഗ്ഗത്തിൽ പെടുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് ;

(ഇ) ഇപ്രകാരം ആവശ്യപ്പെടാത്ത പക്ഷം ഇനി അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

സമുദായം	ജനസംഖ്യ
പതിയൻ (അലക്കുകാരല്ലാത്ത)	1025
കുളനാടി	350
കുൻറുവടിയൻ	490
തച്ചനാടൻ മൂപ്പൻ	2600

(ബി) തച്ചനാടൻ മൂപ്പനെ മാത്രം 2003-ലെ ഭേദഗതി ആക്ട് പ്രകാരം പട്ടികവർഗ്ഗ ലിസ്റ്റിലുൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പതിയൻ, കുളനാടി, കുൻറുവടിയൻ എന്നീ സമുദായങ്ങളിലെ പട്ടികവർഗ്ഗ ലിസ്റ്റിലുൾപ്പെടുത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ഇ) ബാധകമല്ല.

ബാലുശ്ശേരി പഞ്ചായത്തിലെ അംഗീകൃത പട്ടികജാതി കോളനികൾ

124 (4732) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്ക് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിൽ എത്ര അംഗീകൃത പട്ടികജാതി കോളനികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഓരോ കോളനിയിലും താമസിച്ചുവരുന്ന കുടുംബാംഗങ്ങളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly